

പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ നീര സംസ്കരണ പ്ലാന്റിന്റെ ശിലാസ്ഥാപനവും ശീതീകരണ സംവിധാനവും മുതലമട ഇടുക്കപ്പാറയിൽ സംസ്ഥാന കാർഷിക നയ രൂപീകരണ സമിതി ചെയർമാൻ കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു.

# മുതലമടയിൽ നീര സംസ്കരണ പ്ലാന്റിന് ശിലയിട്ടു

മുതലമട ● തെങ്ങിൽ നിന്നു നീര ഉൽപാദിപ്പിച്ചു വിപണനം നടത്തുന്ന കേര കർഷകരുൾപ്പെടുന്ന പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ നീര സംസ്കരണപ്ലാന്റിന്റെ ശിലാസ്ഥാപനവും ശീതീകരണ സംവിധാനവും സംസ്ഥാന കാർഷിക നയരൂപീകരണ സമിതി ചെയർമാൻ കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു.

നീര ഉൽപാദിപ്പിക്കുന്ന ടെക്നീഷ്യന്മാർക്കുള്ള പ്രതിഫല വിതരണം വി. ചെന്താമരാക്ഷൻ എംഎൽഎ നിർവഹിച്ചു. മുതലമടയിൽ പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ സ്ഥലത്ത് നീരയും അനുബന്ധ മൂല്യ വർധിത ഉൽപന്നങ്ങളും നിർമിക്കാനുള്ള ഫാക്ടറിയാണു സ്ഥാപിക്കുന്നത്.

പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ പി. വിനോദ്കുമാർ അധ്യക്ഷനായി. നാഫെഡ് ഡയറക്ടർ സിബി മോനിപ്പള്ളി, കേരള ഫിനാൻഷ്യൽ കോർപറേഷൻ സോണൽ മാനേജർ അജിത്കുമാർ കേശവ്, പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ഡയറക്ടർ എം.കെ. രാമദാസ്, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫിസർ കെ.കെ. ശോഭന, കോക്കനട്ട് ഡവലപ്മെന്റ് ബോർഡ് ടെക്നിക്കൽ ഓഫിസർ എസ്. രശ്മി, നീര കമ്മിറ്റി കർഷക പ്രതിനിധി ബാബു വർഗീസ്, അസി.എക്സൈസ് കമ്മിഷണർ വി.പി. സുലേഷ്കുമാർ, മുതലമട ഫെഡറേഷൻ പ്രസിഡന്റ് പി. സുദേവൻ എന്നിവർ പ്രസംഗിച്ചു. നീര റീഫർ വാഹനത്തിന്റെ താക്കോൽദാനം, കർഷകർക്കുള്ള പ്രതിഫല വിതരണം എന്നിവയും നിർവഹിക്കപ്പെട്ടു.